## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 5409

26.03.2018-ൽ മറുപടിക്ക്

## വള്ളിക്കുന്ന് തീരദേശ മേഖലയിലെ കടൽ സുരക്ഷാഭിത്തി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.അബ്ദുൽ ഹമീദ് പി. | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | വള്ളിക്കുന്ന് തീരദേശ മേഖലയിലെ കടൽ സുരക്ഷാഭിത്തി നിർമ്മിക്കുന്നതിന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ; | (എ) | വള്ളിക്കുന്ന് തീരദേശ മേഖലയിലെ കടൽ സുരക്ഷാഭിത്തി . നിർമ്മിക്കുന്നതിന് നിവേദനം ലഭിച്ചിട്ടില്ല. തീരസംരക്ഷണത്തിനായുള്ള കടൽഭിത്തി നിർമ്മാണം മേജർ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കുന്നത്. ഹാർബറിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സമീപ പ്രദേശങ്ങളിൽ ഉണ്ടായേക്കാവുന്ന വ്യതിയാനങ്ങൾക്ക് പരിഹാരമായി ഗ്രോയിൻ നിർമ്മാണമാണ് ഹാർബർ എൻജിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്നത്. വള്ളിക്കുന്ന് നിയോജക മണ്ഡലത്തിൽ പുലിമുട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് 2 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| | നിവേദനം | സ്വീകരിച്ച നടപടി |
|---|---|---|
| 1 | അരിയല്ലൂർ ബീച്ചിൽ പുലിമുട്ട് സ്ഥാപിക്കണമെന്ന നിവേദനം | കടലുണ്ടി പുഴയുടെ അഴിമുഖത്ത് ഫിഷ്ലാന്റിംഗ് സെന്റർ നിർമ്മിക്കുന്നതിന് 46.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതനുസരിച്ച് പ്രവൃത്തി ഏർപ്പാടാക്കി പൂർത്തീകരിച്ചിട്ടുണ്ട്. ആയത് അരിയല്ലൂർ പരിസരത്തുള്ള മത്സ്യത്തൊഴിലാളികൾക്കും പ്രയോജനപ്പെടുന്നു. |
| 2 | വള്ളിക്കുന്ന് പഞ്ചായത്തിലെ പരപ്പാൽ ബീച്ചിൽ പുലിമുട്ട് സ്ഥാപിക്കണമെന്ന നിവേദനം | പരപ്പാൽ ബീച്ചിനോട് ചേർന്ന് തെക്കു ഭാഗത്തും വടക്കുഭാഗത്തുമായി 100 മീറ്റർ നീളത്തിൽ 2 ഗ്രോയിനുകൾ നിർമ്മിച്ചാൽ അത് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിന് ഉപകാരപ്രദമാകുമെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടിക്കായി ഫയൽ ജലസേചന വകുപ്പിന് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഓഖി ദുരന്തത്തെ തുടർന്ന് തീരദേശമേഖലയിൽ എന്തെല്ലാം സുരക്ഷാ പ്രവർത്തനങ്ങളും മുൻകരുതലുകളുമാണ് നടത്തിവരുന്നത് വിശദീകരിക്കാമോ? | (ബി) & (സി) | കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളിൽ ജീവൻ രക്ഷാ ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടു ണ്ട്. കൂടാതെ ഭാവി രക്ഷാപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും തൊഴിലാളികളുടെയും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള 'സാഗര' എന്ന ഒരു മൊബൈൽ ആപ്ലിക്കേഷൻ നാഷണൽ ഇൻഫർമാറ്റിക് സെന്റർ (NIC) ന്റെ സഹായത്തോടെ വികസിപ്പിച്ചിട്ടു ണ്ട്. ഇത് ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്.<br>കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുമായി ആശയ വിനിമയം നടത്തുന്നതിനും അവർക്ക് മുന്നറിയിപ്പ് നൽകുന്നതിനും ഏറ്റവും വലിയ പ്രതിബന്ധം കടലിലെ വാർത്താ വിനിമയ സൗകര്യങ്ങളുടെ അപര്യാപ്തതയാണ്. ഇപ്പോൾ ക ടലിൽ പരമാവധി 50 കിലോമീറ്റർ പരിധി വരെ മാത്രമേ കരയിൽ നിന്നുള്ള വാർത്താവിനിമയം സാധ്യമാകുന്നുള്ളൂ. ഈ സാഹചര്യത്തിൽ ഉപഗ്രഹ സഹായത്തോടെ 1500 കി.മീറ്റർ വരെ വാർത്താവിനിമയം സാധ്യമാക്കുന്നതിന് സഹായകമായ 'നാവിക്" എന്ന ഉപകരണം ഐ.എസ്.ആർ.ഒ വികസിപ്പിച്ചെടുത്തിട്ടു ണ്ട്. ഈ ഉപകരണത്തിന്റെ ഫീൽഡ്തല പരീക്ഷണം വിജയകരമായി പൂർത്തിയാക്കി. മുഴുവൻ മത്സ്യബന്ധന യാനങ്ങൾക്കും ആവശ്യമായ 'നാവിക്" ഉപകരണങ്ങൾ കെൽട്രോണിന്റെ സഹായത്താൽ വ്യാവസായികമായി നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കടലിൽ .അകപ്പെട്ടു പോകുന്ന മത്സ്യത്തൊഴിലാളികളുടെ യഥാർത്ഥ സ്ഥാനം മനസ്സിലാക്കുന്നതിന് ഉതകുന്ന റേഡിയോ ബീക്കണുകൾ നാവിക്കിൽ ഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു ണ്ട്.<br>അതുപോലെ കടലിന്റെ അവസ്ഥ സംബന്ധിച്ചുള്ള വിവരങ്ങൾ മുൻകൂട്ടി മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിന് ഹൈദരാബാദിലെ INCOIS-മായി 24/10/2017 -ന് ധാരണാപത്രം മത്സ്യവകുപ്പ് ഒപ്പുവെച്ചിട്ടുണ്ട്. ഇതിനായി 145778 മത്സ്യത്തൊഴിലാളികളുടെ മൊബൈൽ നമ്പരുകൾ ഇൻകോയിസിന് കൈമാറിയിട്ടു ണ്ട് കൂടാതെ യാനങ്ങളുടെ സഞ്ചാരപാത കരയിലിരുന്ന് മനസ്സിലാക്കാൻ കഴിയുന്ന ഓട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം 300 മത്സ്യബന്ധന ബോട്ടുകളിൽ ഘടിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു. മത്സ്യബന്ധനത്തിന് പോകുമ്പോൾ അപകടങ്ങളിൽ നിന്ന് രക്ഷപ്പെടുന്നതിന് ഉതകുന്ന ലൈഫ്ബോയ്, ലൈഫ്ജാക്കറ്റ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മത്സ്യബന്ധന യാനങ്ങളിൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന നടപടികളും ദ്രുതഗതിയിൽ നടന്നു വരുന്നു. |
| (സി) | വള്ളിക്കുന്നിലെ തീരദേശ മേഖലയിലെ സുരക്ഷാ പ്രവർത്തനങ്ങൾക്ക് ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നറിയിക്കാമോ? | | |

| | | | |
|---|---|---|---|
| | | | കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര വൈദ്യസഹായം എത്തിക്കുന്നതിനും അവരെ കരയിൽ എത്തിക്കുന്നതിനും സഹായകമായ മറൈൻ ആംബുലൻസ് സാക്ഷാത്കരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നു വരുന്നു. മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള സമഗ്ര പദ്ധതിയും കൂടുതൽ സുരക്ഷയുള്ള യാനങ്ങൾ നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്ക്കരിച്ചിട്ടു ണ്ട്. ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികൾക്കു ള്ള പുനരധിവാസത്തിനായി 7340 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടു ണ്ട്.<br>കൂടാതെ, അപായ മുന്നറിയിപ്പ് ലഭിക്കുമ്പോൾ തന്നെ എല്ലാ ഫിഷിംഗ് ഹാർബറുകളിലും ഫിഷ് ലാന്റിംഗ് സെന്ററുകളിലും മുന്നറിയിപ്പ്/നോട്ടീസ് നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ